പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :594 29.01. 2019 ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് വർദ്ധന

ചോദ്യം

ശ്രീ. അനൂപ് ജേക്കബ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് അറിയിക്കാമോ;<br><br>(ബി) നിലവിലെ നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വർദ്ധനവ് വിവിധ ഉപഭോക്താക്കൾക്ക് എപ്രകാരമാണെന്ന് അറിയിക്കാമോ? | (എ) ഒരു തവണ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നാളിതുവരെ (23.01.2019) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഒരു തവണയാണ് വൈദ്യുതി നിരക്ക് സ്വമേധയാ (സുവോ-മോട്ടോ) വർധിപ്പിച്ചത്.<br><br>(ബി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആണ് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുവാനുള്ള അധികാരമുള്ളത്. കമ്മീഷൻ പുറപ്പെടുവിച്ച 2018 - ലെ താരിഫ് റെഗുലേഷൻ അനുസരിച്ച് 2018-19, 2020-21 എന്നീ വർഷങ്ങളിൽ താരിഫ് പരിഷ്കരണത്തിനുള്ള അപേക്ഷ കെ.എസ്.ഇ.ബി 31.10.2018 - ൽ കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. . അപേക്ഷയിൽ അന്തിമ തീരുമാനം കമ്മീഷൻ ഇതുവരെ (23.01.2019) നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ